## കൂടാളി യു പി സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

# കുടാളി യു പി സ്കൂൾ
# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-2026

## ആമുഖം

ജ്ഞാനേന്ദ്രിയങ്ങളിലൂടെ ചുറ്റുപാടിൽ നിന്നു പഠിക്കാനുള്ള നൈസർഗ്ഗികമായ കഴിവുകളോടെയാണ് ഒരു കുട്ടി ജനിക്കുന്നത്. ലോകത്തെ പുതിയ രീതിയിൽ നോക്കിക്കാണാനും മനസ്സിലാക്കാനും ഇടപഴകാനും വിലയിരുത്താനുമുള്ള സാധ്യതകളാണ് വിദ്യാലയത്തിലെ ഔപചാരികപഠനം വഴി കുട്ടിക്ക് ലഭിക്കുന്നത് ശിശുകേന്ദ്രികൃതവും, പ്രക്രിയാബന്ധിതവുമായ പഠനരീതിയിലൂടെ അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ജീവിതത്തിന്റെ സമസ്ത മേഖലകളിലും ബോധനശാസ്ത്രം, പഠനമന:ശാസ്ത്രം എന്നിവയിലൂടെ പുതിയ കണ്ടെത്തലുകളും പ്രയോഗികാനുഭവങ്ങളും കുറേക്കൂടി മെച്ചപ്പെട്ട രീതിയിൽ പഠനസാമഗ്രികളും നിർമ്മാണവും പഠനാനുഭവങ്ങളുടെ വിനിമയവും വിലയിരുത്തലുകളും നടത്തി എല്ലാ വിഭാഗത്തിലുള്ള കുട്ടികളുടെയും പഠനപുരോഗത്തിയാണ് നമ്മുടെ വിദ്യാലയം ലക്ഷ്യമാക്കുന്നത്. വ്യത്യസ്തമായ സാമൂഹിക സാമ്പത്തിക പശ്ചാത്തലമുള്ള വ്യത്യസ്തമായ ശാരീരികവും മാനസികവും ബൗധികവുമായ കഴിവുകളുള്ള എല്ലാ കുട്ടികൾക്കും പഠിക്കാനും സ്കൂളുകളിൽ വിജയം കൈവരിക്കാനും അവരെ സമൂഹത്തിന്റെ മുൻനിരയിൽ എത്തിക്കാനുമുള്ള ശ്രമമെന്ന രീതിയിലാണ് ഈ അക്കാദമിക പ്ലാൻ നമ്മുടെ വിദ്യാലയം തയ്യാറായിക്കുന്നത് .

ഭാഷാപരമായ ശേഷികൾ വർദ്ധിപ്പിക്കുന്നതിനും കുട്ടികളിൽ ശാസ്ത്രബോധം ഉണർത്തുന്നതിനും വേണ്ടി വിവിധ വിഷയാടിസ്ഥാനത്തിൽ തയ്യാറാക്കിയിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ കുട്ടികളെ വായനയുടെയും എഴുത്തിന്റെയും പതായിലേക്ക് നയിച്ച് പിന്നോക്കം നില്ക്കുന്നവരെക്കൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചമാക്കിമാറ്റാനുള്ള ഒരു നൂതന സംരംഭമായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 2025 26 അധ്യയനവർഷം നമ്മുടെ വിദ്യാലയം സമഗ്ര ഗുണമേന്മ പദ്ധതിക്ക് പ്രാധാന്യം കൊടുത്തു കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക, ക്ലാസ് റൂം പഠനത്തിന് അക്കാദമിക കലണ്ടറിന് അനുസൃതമായി നിശ്ചിത സമയം ഉറപ്പുവരുത്തുക, സ്കൂൾ എസ്.ആർ.ജി.കൾ വഴി സമയബന്ധിതമായ അക്കാദമിക പ്രവർത്തനം പ്ലാൻ ചെയ്യുക, ഓരോ ക്ലാസിലും വിഷയത്തിലും പാഠ്യപദ്ധതി നിശ്ചയിച്ച ശേഷികൾ കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, കുട്ടികൾക്ക് വേണ്ട പഠനപിന്തുണാ പരിപാടി സംഘടിപ്പിക്കുക, ഭിന്നശേഷി കുട്ടികൾ, എസ്.സി -എസ്.ടി മേഖലകൾ, പ്രത്യേകത പരിഗണന അർഹിക്കുന്നവർ എന്നിവർക്കുള്ള പദ്ധതികൾ,

കൂടുതൽ ശ്രദ്ധ വേണ്ട വിഷയങ്ങൾക്കുള്ള പഠനപരിപോഷണ പരിപാടികൾ നടപ്പിലാക്കുക, നിരന്തര മൂല്യനിർണ്ണയ പ്രക്രിയ കാര്യക്ഷമമാക്കുക, കുട്ടികളുടെ സമഗ്ര പഠനപുരോഗതി രേഖ വികസിപ്പിക്കുക, ചോദ്യപേപ്പറുകളുടെ പരിഷ്കരണവും വികേന്ദ്രീകരണവും നടപ്പിലാക്കുക എന്നിവ പദ്ധതിയിലുണ്ട്.

കൂടാളി പഞ്ചായത്തിലെ കൂടാളിയിൽ സ്ഥിതി ചെയ്യുന്ന കൂടാളി യു പി സ്കൂൾ ജില്ലയിലെ തന്നെ പ്രധാന യു പി സ്കൂളാണ് . ഇക്കാലയളവിൽ നിരവധി ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സാധിച്ചിട്ടുണ്ട് . പഠന നിലവാരത്തിലും ഏറെ മുന്പന്തിയിൽ നിൽക്കുന്ന വിദ്യാലയം ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതമൂലം പ്രയാസം അനുഭവിക്കുകയാണ് . ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് സർക്കാർ മുന്നോട്ടുവെച്ച നിർദേശങ്ങൾ പാലിച്ചുകൊണ്ട് സർക്കാർ , ഇതര ഏജൻസികൾ ,പി.ടി.എ , പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സഹകരണത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ സംക്ഷിപ്തരൂപമാണ് ഇതോടൊപ്പം സമർപ്പിക്കുന്നത് .

## ലക്ഷ്യം

1. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്താൻ
2. മൂല്യനിർണ്ണയ രീതിശാസ്ത്രം പരിഷ്കരിക്കുകയും സമഗ്രമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ
3. സാങ്കേതികവിദ്യ സൗഹൃദ ക്ലാസ്റൂം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ.
4. ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കാൻ
5. അധ്യാപക പരിശീലന ഉറപ്പുവരുത്താനും, നവീകരിക്കുവാനും. പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി
6. വിദ്യാഭ്യാസ രംഗത്തെ ഗവേഷണപ്രവർത്തനങ്ങൾ നവീകരിക്കുവാനും, നൂതനമാക്കുന്നതിനും
7. ഗുണമേന്മാ വിദ്യാഭ്യാസത്തിനായി സമൂഹത്തിലെ മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ, സമിതികൾ എന്നിവയുടെ സഹകരണം ഉറപ്പാക്കുന്നതിന്
8. ഗുണമേന്മാ വിദ്യാഭ്യാസ പരിപാടിയെക്കുറിച്ച് ജനങ്ങളെ അറിയിച്ച് അവരുടെ സഹകരണം
9. ഉറപ്പാക്കുന്നതിനുള്ള പ്രചരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ.
10. സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി പഠനനിലവാരം ഉയർത്തുന്നതിന് .
11. ശിശുസൗഹൃദമായ അന്തരീക്ഷം സൃഷ്ടിക്കൽ.
12. സാങ്കേതിക വിദ്യയുടെ വികാസം പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് ഉപയോഗപ്പെടുത്തൽ.
13. കുട്ടികളുടെ സമഗ്രമായതും അഭിലക്ഷണീയവുമായ കഴിവുകളുടെ വികാസത്തിനുള്ള സാഹചര്യം ഒരുക്കൽ.

# കുടാളി യു പി സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ സാമ്പത്തികം |
|---|---|---|---|---|---|
| | എൽ. പി. തലം<br><br>സംയുക്ത ഡയറി | ആദ്യ മാസങ്ങളിൽ കുട്ടിയും രക്ഷിതാവും ചേർന്നാണ് ഡയറി എഴുതുന്നത് പിന്നീട് അത് കുട്ടി തന്നെ സ്വന്തമായി എഴുതുന്നു. | ജൂലൈ- മാർച്ച് | നോട്ട് ബുക്ക് | ക്ലാസ് ടീച്ചർ |
| | സചിത്ര പുസ്തകത്തിലൂടെ പാഠഭാഗങ്ങളിലേക്ക് കടക്കുന്നു . അക്ഷരങ്ങൾക്കുപകരം ആശയാവതരണത്തിലൂടെ പ്രവർത്തനങ്ങൾ നൽകുന്നു | അക്ഷരങ്ങൾ, പദങ്ങൾ , വാക്യങ്ങൾ എന്നിവ തിരിച്ചറിയുന്നു | ജൂണ് ആഗസ്ത് | പേപ്പർ പുസ്തകം | ബി ആർ സി, അധ്യാപകർ |
| | അക്ഷരത്തെളിച്ചം ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br><br>കുട്ടികളെ മികച്ച വായനക്കാരാക്കൽ<br><br>ഒന്നാംക്ലാസ് ഒന്നാന്തരമാക്കൽ<br><br>കുട്ടികളെ മികച്ച എഴുത്തുകാരാക്കുക | • പ്രീടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ<br><br>• വായനാമൂല<br>• ക്ലാസ് ലൈബ്രറി<br>• ക്ലാസ് വായനാക്കൂട്ടം<br>• പത്രവായന (അസംബ്ലിയിൽ വായനാനുഭവം പങ്കുവെക്കൽ) | 9 മാസം | സി.ഡി കഥാപുസ്തകം<br><br>പുസ്തകം, കഥാചാർട്ട് ചിത്രങ്ങൾ | ബി ആർ സി അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | | ● എഴുത്തുപെട്ടി ( വായനാശാലയുമായി ബന്ധപ്പെട്ട് )<br>● ബാലസഭ<br>● ദിനാചാരണങ്ങൾ<br>● വായനാക്കുറിപ്പ് തയ്യാറാക്കൽ<br>● പതിപ്പ്<br>● ചുമർപത്രിക<br>● മാഗസിൻ | ഒരു വർഷം | ചാർട്ട്<br>മാഗസിൻ<br>ഐ.സി.ടി | |
| | ഗണിതം മധുരം<br><br>കളികളിലൂടെ ഗണിതപഠനം അടിസ്ഥാനശേഷി ഉറപ്പിക്കൽ | ● ക്വിസ് മത്സരങ്ങൾ<br>● കുസൃതിക്കണക്ക്<br>● ഗണിതമാസിക തയ്യാറാക്കൽ<br>● ഏകദിനഗണിത ക്ലാസ്<br><br>● ഗണിത മേള | മാസത്തിൽ ഒരു തവണ<br><br>വർഷത്തിൽ ഒരു തവണ | പുസ്തകങ്ങൾ , ചാർട്ട്<br><br>ചിത്രങ്ങൾ | അധ്യാപകർ |
| | പരിസരപഠനം ലഘുപരീക്ഷണങ്ങൾ | ● ഫീൽഡ് ട്രിപ്പ്<br>● പരീക്ഷണകുറിപ്പ്<br>● ശാസ്ത്രക്ലാസ്സുകൾ<br>● ക്വിസ്<br>● ശേഖരണങ്ങൾ | വർഷത്തിൽ 2 തവണ | ഐ.സി.ടി. | അധ്യാപകർ |
| | | **മൂല്യവർദ്ധിത പ്രവർത്തനങ്ങൾ** | | | |
| | കുട്ടികളിൽ മൂല്യബോധം വർദ്ധിപ്പിക്കൽ | ● സർവ്വമത പ്രാർത്ഥന<br>● ബോധവൽക്കരണ ക്ലാസ്സുകൾ<br>● പ്രദർശനങ്ങൾ<br>● ചർച്ചകൾ<br>● സഹവാസ ക്യാമ്പ്<br>● ട്രസ്റ്റി ഷോപ്പ് സംഘടിപ്പിക്കൽ | മാസത്തിൽ ഒരു തവണ | സി ഡി കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ | അധ്യാപകർ |
| | എല്ലാ കുട്ടികളെയും പഠനമികവിലേക്ക് നയിക്കാൻ ചിത്രങ്ങളുടെ സാധ്യത ഉപയോഗപ്പെടുത്തൽ | ● അക്കാദമികമായ അവസ്ഥാ വിശകലനം ഓരോ വിഷയത്തിലും മേഖലാടിസ്ഥാനത്തിൽ എത്തേണ്ടതായ നിർദ്ദിഷ്ട തലത്തിലേക്ക് | വർഷത്തിൽ ഒരു തവണ | സ്കൂൾ ചുമരുകൾ | മാനേജർ |

| | | | | | |
|---|---|---|---|---|---|
| | എല്ലാ ക്ലാസ്സിലെയും പഠനപ്രവർത്തനം ലിസ്റ്റ് ചെയ്ത് ചിത്ര സാധ്യത ഉറപ്പിക്കൽ<br><br>ആശയാത്മ ചിത്രീകരണം വിദ്യാലയ ചുമരുകളിൽ നടത്തൽ<br><br>കുട്ടികളുടെ പഠനം ക്ലാസ് മുറികളുടെ അകം ചുമറുകളിൽനിന്ന് പുറം ലോകത്തേക്ക് പൊതുസമൂഹത്തെ വിദ്യാലയത്തോട് കൂടുതൽ അടുപ്പിക്കൽ | എല്ലാ കുട്ടികൾക്കും എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല എന്ന് കണ്ടെത്തൽ<br>● എസ് ആർ ജി മീറ്റിങ്ങിൽ ചർച്ച ,കാരണം കണ്ടെത്തൽ<br>● പര്യാപ്തമായ പടനാനുഭവാങ്ങുടെയും പഠനോപാധികളുടെയും കുറവ് പ്രധാനകാരണമായി വിലയിരുത്തുന്നു<br><br>പരിവാഹപ്രവർത്തനം<br>● വ്യത്യസ്ത പഠനോപാധികൾ ഉപയോഗിച്ച്മോഡലുകൾ ചിത്രങ്ങൾ,കഥകൾ കളികൾ , പഠനാനുഭവങ്ങൾ കൂടുതൽ നൽകുന്നു | | സ്കൂൾ ചുമരുകൾ<br><br>സ്കൂൾ ചുമരുകൾ | മാനേജർ<br><br>മാനേജർ |
| **മാജിക് ഇംഗ്ലീഷ്** | | | | | |
| | (പ്രീ പ്രൈമറി )<br>ഇ ക്യൂബ്<br>ഒന്നാംതരം മുതൽ ഏഴാം തരം വരെയുള്ള കുട്ടികളിൽ ഇംഗ്ലീഷ് ഭാഷയിൽ താല്പര്യം ജനിപ്പിക്കൽ | ● പ്രീപ്രൈമറിയിൽ ഇംഗ്ലീഷ് കഥ കേൾക്കാനും കളികളിൽ ഏപ്പെടാനും ധാരാളം അവസരം ഉണ്ടാക്കുന്നു<br>● ഒന്നാംക്ലാസ്സിൽ പാഠപുസ്തകങ്ങൾക്ക് പുറമേ ചെറിയ ഇംഗ്ലീഷ് കഥകൾ കവിതകൾ എന്നിവ വായിക്കാൻ പ്രാപ്തരാക്കുന്നു | ആഴ്ചയിൽ ഒരു തവണ | പുസ്തകങ്ങൾ സി ഡി | അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | | ● അസ്സെംബ്ലിയിൽ തന്നെക്കുറിച്ചും കുടുംബത്തേക്കുറിച്ചും മറ്റു ചെറിയ ചെറിയ വിഷയങ്ങളെക്കുറിച്ചും സംസാരിക്കാൻ പ്രാപ്തരാക്കുന്നു<br><br>● ഇംഗ്ലീഷ് ബാലസഭ നടത്തുന്നു | | | |
| ഗണിതം | | | | | |
| | കുട്ടികളെ ഭിന്നസംഖ്യകൾ പഠിപ്പിക്കാൻ | ● കാർബോർഡ് പല വലുപ്പത്തിൽ വെട്ടിയെടുത്ത് കളർ ചെയ്യുക .അതിനുശേഷം ഭാഗങ്ങൾ അടയാളപ്പെടുത്താൻ പറയുക.ശരിയായി ചെയ്യുന്നവർ അടുത്ത കർബോർഡ് കഷ്ണം വെട്ടിയെടുത്ത് കളർ ചെയ്ത് ഭാഗം കാണിക്കുന്നു .മറ്റു കുട്ടികൾ അതിനുത്തരം പറയുന്നു | ഒരു മാസം | | അധ്യാപകർ |
| | കുട്ടികളെ ഗുണനപട്ടിക പഠിപ്പിക്കാൻ | ● സ്കൂളുകളിലെ സ്റ്റെപ്പിൽ ഗുണനപട്ടിക പെയിന്റ് ചെയ്തു എഴുതുക | | | |
| | രേഖീയ ജോഡിയിലെ കോണുകളുടെ അളവുകൾ പഠിപ്പിക്കാനും ന്യൂനകോണ് , ബൃഹത്കോണ് എന്നിവ പഠിപ്പിക്കുന്നതിനും | ● ഒരു കാർബോർഡ് ഉപയോഗിച്ച് വൃത്തം വെട്ടിയെടുക്കുക അതിന്റെ മധ്യത്തിലായി ഈർക്കിലോ ക്ലോക്കിലോ സൂചിയോ ഘടിപ്പിക്കുക . | | കാർബോർഡ് സൂചി | മാനേജർ അധ്യാപകർ കുട്ടികൾ |

| | | | | | |
|---|---|---|---|---|---|
| | | അതിനുശേഷം സൂചിപ്പിക്കുന്നതിനനുസരിച്ച് ഏത് കോണാണെന്നും അതിന്റെ ഏകദേശ അളവും പറയാൻ പഠിക്കുന്നു. | | | |
| | ഗണിതരൂപങ്ങൾ കണ്ടെത്തുന്നതിന് | ● നമ്മുടെ നിത്യജീവിതവുമായി ബന്ധപ്പെടുത്തി ഗണിതജ്യാമിതീയ രൂപങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനം<br>ഉദാ: ചതുരാകൃതിയിലുള്ള സാധനങ്ങളുടെ നീളവും വീതിയും കണ്ടെത്തുന്നു ക്ലാസ് മുറിയുടെ വലിപ്പം വീടിന്റെ ഓരോ മുറിയുടെയും വലിപ്പം സാധനങ്ങളുടെ ആകൃതിയും വലിപ്പം എന്നിവ | ആഴ്ചയിൽ ഒരു തവണ | ക്ലാസ്സ്മുറിയും അതിലെ ഉപകരണങ്ങളും | അധ്യാപകർ |
| | ദശാംശസംഖ്യകളെ വലുപ്പ ക്രമത്തിൽ തരം തിരിച്ചറിയൽ | ● ഒരു സംഖ്യാനാട നിർമ്മിക്കുക .അതിനുശേഷം ആരോഹണ, അവരോഹണ ക്രമത്തിൽ സംഖ്യകളെ നീക്കിവെക്കാൻ പാകത്തിൽ അക്കങ്ങൾ ക്ലിപ്പ് ചെയ്ത് വെയ്ക്കുക | ആഴ്ചയിൽ ഒരു തവണ | ചാർട്ട് | അധ്യാപകർ |
| | ഇംഗ്ലീഷ് ഭാഷ നന്നായി സംസാരിക്കാൻ | സ്പോക്കണ് ഇംഗ്ലീഷ് ക്ലാസ് സി ഡി കേൾപ്പിക്കൽ ഇംഗ്ലീഷ് കഥകൾ | ആഴ്ചയിൽ ഒരു തവണ | സി.ഡി, പുസ്തകങ്ങൾ | അധ്യാപകർ |
| **ഗണിതം** | | | | | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | ഗണിതം ലളിതം<br>ഗണിതത്തിൽ അഭിരുചി വളർത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ | ● ഗണിതരൂപ നിർമ്മാണ പ്രവർത്തനങ്ങൾ<br>● ഏകദിനശില്പശാല<br>● ഗണിതക്വിസ്<br>● ഗണിത ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രക്കുറിപ്പ് ശേഖരണം | ആഴ്ചയിൽ ഒരു തവണ | | |
| | ഗണിതം ഉപജില്ലാ മേഖലകളിൽ പങ്കെടുപ്പിക്കൽ | ● നമ്പർ ചാർട്ട്<br>● കലക്ഷൻ ഓഫ് പസിൽസ്<br>● ജ്യാമിതീയ രൂപ നിർമ്മാണ പരിശീലനം | ആഴ്ചയിൽ ഒരു തവണ | ചാർട്ട് ,<br>സി.ഡി,<br>പുസ്തകം | അധ്യാപകർ |
| | ഗണിതത്തെ ജീവിതഗന്ധിയായ സന്ദർഭങ്ങളുമായി കൂട്ടിയിണക്കി മനസ്സിലാക്കുന്നതിനും പരിശീലിപ്പിക്കുനത്തിനുമുള്ള ക്ലാസ്സുകൾ ഗണിതശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തുക | ● പ്രശസ്ത ഗണിതാധ്യാപികന്റെ ക്ലാസ്<br>● ഗണിത മാഗസിൻ<br>● സി ഡി<br>● ഐ ടി ഗണിതം | ആഴ്ചയിൽ ഒരു തവണ | | |
| **<u>അടിസ്ഥാനശാസ്ത്രം</u>** | | | | | |
| | ജീവിത സാഹചര്യങ്ങളിൽ നിന്ന് ശാസ്ത്ര തിരിച്ചറിയൽ | ● ജൈവവൈവിധ്യ പാർക്ക് ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം ജൈവവേലി മുള ഇരിപ്പിടങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം | അക്കാദമിക് വർഷം | മുള | ശാസ്ത്രാധ്യാപകർ<br><br>ശാസ്ത്രാധ്യാപകർ |
| | | ● പ്രകൃതിയിലേക്ക് ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം കാവുകൾ കണ്ടൽ വനം | ജൂലൈ | ചാർട്ട് | ശാസ്ത്രാധ്യാപകർ, കുട്ടികൾ, എസ്.എസ്. |

| | | | | | |
|---|---|---|---|---|---|
| | | പുഴകൾ യാത്ര | | | എ |
| | ശാസ്ത്ര പ്രക്രിയ ശേഷി വികസനം ആധുനിക ശാസ്ത്രാവബോധം | ● പരീക്ഷണത്തിലൂടെ ലഘുപരീക്ഷണങ്ങൾ പരീക്ഷണ കിറ്റ് നിർമ്മാണം പരീക്ഷണ വസ്തുക്കളുടെ പ്രദർശനം | ആഗസ്റ്റ് | ഐ സി ടി | പരിസ്ഥിതി ക്ലബ്ബിലെയും ശാസ്ത്രക്ലബ്ബിലെയും കുട്ടികൾ |
| | | ● മാസ്റ്റർ ബ്രെയിൻ വിവിധ ക്ലബ്ബുകളുടെ സഹകരണത്തോട്ടുകൂടി ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ക് അവതരണം | അക്കാദമിക് വർഷം | | |
| | | ● സയൻസ് എക്സ്പോ ആധുനിക ശാസ്ത്ര കണ്ടെത്തലുകൾ ഉൾപ്പെടുത്തി ശാസ്ത്രപ്രദർശനം | ജൂലൈ സെപ്റ്റം ബർ | | |
| | | ● ശാസ്ത്ര ചുമർ ക്ലാസ് തല ശാസ്ത്ര വിസ്മയ ചുമർ നിർമ്മാണം | അക്കാദമിക് വർഷം | | |
| | | ● വിസ്മയ യാത്ര ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര ലോകത്തെ അത്ഭുതങ്ങളുടെ വീഡിയോ പ്രദർശനം | ഒക്ടോബർ | | |
| | ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ബന്ധപ്പെടുത്തി പ്രതിഭാശാലികളായ കുട്ടികളിൽ ഗവേഷണ ഗവേഷണ വളർത്തുക | ● യുറേക്ക യുറേക്ക കുട്ടിപരീക്ഷണശാല സജ്ജീകരിക്കൽ | ഡിസംബർ | | |
| | | ● മുഖാമുഖം ശാസ്ത്രമേഖലയിലെ ഉന്നത ഉന്നതരുമായി അഭിമുഖം സംശയനിവാരണം | ഡിസംബർ | | |
| | | ● മാജിക് ഷോ ത്രീ ഡി പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യമല്ലാത്ത അത്ഭുതലോകത്തേക്ക | ഡിസംബർ | | |

| | | | | | |
|---|---|---|---|---|---|
| | | ൊരു യാത്ര | | | |
| **<u>സാമൂഹ്യശാസ്ത്രം</u>** | | | | | |
| | എല്ലാ കുട്ടികൾക്കും അവർ നേടേണ്ട പഠന ശേഷി കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക<br><br>ഭൂപടങ്ങളിലെ ആവശ്യഘടകങ്ങളെ വേർതിരിച്ച് അറിയുകയും അവയെ കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുന്നു<br><br>ഡിജിറ്റൽ ആൽബം തയ്യാറാക്കൽ | ● സോഷ്യൽ സയൻസ് ഫെസ്റ്റ് 5,6,7 ക്ലാസ്സുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസ്സിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളുടെ ഉൽപ്പനങ്ങൾ പ്രദർശിപ്പിക്കൽ, ക്വിസ്, പ്രദർശനങ്ങൾ , നാടകങ്ങൾ<br><br>● സാമൂഹ്യശാസ്ത്ര പരിപോഷണത്തിന് അനിവാര്യമായ വ്യക്തികൾ ,സ്ഥാപന ങ്ങൾ സ്ഥലങ്ങൾ എന്നിവ കണ്ടെത്തി പ്രാദേശിക വിഭവ ഭൂപടം നിർമ്മിക്കൽ<br>● വ്യക്തിഗതമായി തയ്യാറാക്കൽ | ഹ്രസ്വകാലം<br><br>ഹ്രസ്വകാലം | ഐ സി ടി | സമൂഹ്യശാസ്ത്രാധ്യാപിക |
| **<u>ഇംഗ്ലീഷ് യു പി</u>** | | | | | |
| | കുട്ടികൾ മടികൂടാതെ കാര്യങ്ങൾ അവതരിപ്പിക്കാൻ<br><br>വായന പ്രോത്സാഹിപ്പിക്കാൻ | ● ഇംഗ്ലീഷ് ക്ലബ്<br>● ഇംഗ്ലീഷ് ഫെസ്റ്റ്<br>● ഇംഗ്ലീഷ് ലൈബ്രറി (ക്ലാസ് റൂം) ഇംഗ്ലീഷ് അസംബ്ലി<br>● ഇംഗ്ലീഷ് ന്യൂസ് പേപ്പർ<br>● വായന<br>● കഥ പറയൽ<br>● പദ്യം ചൊല്ലൽ<br>● പ്രസംഗം<br>● സ്പോക്കണ് ഇംഗ്ലീഷ് | | ഇംഗ്ലീഷ് പത്രം, പുസ്തകം<br><br>ഐ .സി .ടി | ഇംഗ്ലീഷ് അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | | | | | |
| **സംസ്കൃതം** | | | | | |
| | അവതരണപാഠവം<br>സംസ്കൃതജ്ഞാനം<br><br>പ്രൈമറി ക്ലാസ്സുകൾ മുതൽ<br>ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br><br>ഭാഷാജ്ഞാനം<br><br>രചനാ പാഠവം<br>സംസ്കൃതജ്ഞാനം<br>നിർമ്മാണപാഠവം | ● സംഭാഷണ സംസ്കൃതം<br>● സംസ്കൃതം കേൾക്കാനുള്ള അവസരം<br>● ലഘുവായ പഠനതന്ത്രങ്ങളുടെ ആവിഷ്ക്കാരം<br>● ഉചിതമായ പ്രോത്സാഹനം നൽകൽ<br>● അക്ഷരങ്ങൾ ഉറപ്പിക്കൽ<br>● വാചകങ്ങൾ നിർമ്മിക്കൽ<br>● ഭാഷകേളികൾ<br><br>● വായന മത്സരം<br>● ക്ലാസ് ലൈബ്രറി<br>● വായനാക്കുറിപ്പുകൾ<br>● കഥ കവിത ക്യാമ്പ്<br>● കഥകളും കവിതകളും കേൾക്കാനും കാണാനും ഉള്ള അവസരം<br>● രചനാ പരിശീലനം | എല്ലാ മാസവും ഒരു തവണ<br><br>എല്ലാ മാസവും ഒരു തവണ | സി.ഡി<br><br>ചാർട്ട്<br><br>പുസ്തകം<br><br>സി ഡി<br>ഐ സി ടി | |
| | വാർത്തവായന പാഠവം<br><br>അവതരപാഠവം | ● വാർത്താസംസ്കൃതം<br><br>● കൈയ്യെഴുത് | ആഴ്ചയിൽ ഒരു തവണ | പത്രം<br>മാസിക<br>അധ്യാപികന് | അധ്യാപികന് |

| | | | | | |
|---|---|---|---|---|---|
| | | മാസികാനിർമ്മാണം<br>● വാർത്താ പത്രിക നിർമ്മാണം നിർമ്മിച്ചവ സദസ്സിൽ പ്രസിദ്ധീകരിക്കുന്നു<br>● സംസ്കൃതവർത്തകൾ കേൾക്കാനും കാണാനുമുള്ള അവസരം<br>● വാർത്താവായന പരിശീലനം | | | അധ്യാപകർ പി ടി എ |
| | കയികപരമായ അവബോധം കളികളെ കുറിച്ചുള്ള അവബോധം സംഭാഷണ സാമർത്ഥ്യം സംസ്കൃതജ്ഞാനം | ● സംസ്കൃതപഠനം കളികളിലൂടെ<br>കളികളെക്കുറിച്ചുള്ള അറിവ് നൽകൽ<br>● കായികപരമായ അറിവ് നൽകൽ<br>● കളികൾക്കിടയിൽ സംസ്കൃത സംഭാഷണങ്ങൾ മാത്രം വിവിധ കളിക്കാരുടെ സംഘരൂപീകരണം | എല്ലാ മാസവും ഒരു തവണ | വിവിധ തരം കളി ഉപകരണങ്ങൾ | |
| | ശേഖരണപാടവം പ്രദർശനപാടവം സംസ്കൃതജ്ഞാനം | ● സംസ്കൃതപ്രദർശിനി പച്ചക്കറികളുടെ ശേഖരണം<br>● പഴങ്ങളുടെ ശേഖരണം<br>● നിത്യോപയോഗസാധനങ്ങളുടെ ശേഖരണം | വർഷത്തിൽ ഒരു തവണ | പഴങ്ങൾ പച്ചക്കറികൾ ,നിത്യോപയോഗസാധനങ്ങൾ | |
| | സാങ്കേതിക സംസ്കൃതം | ● ഐ ടി യിലൂടെ സംസ്കൃത പഠനം<br>● സംസ്കൃത ടൈപ്പിംഗ് | | | |
| | സഭാകമ്പനിവാരണം സംസ്കൃതജ്ഞാനം അവതരണപാടവം | സംസ്കൃത സാഹിത്യ വേദി<br>അറിയുന്ന കലകൾ എല്ലാവർക്കും അവതരിപ്പിക്കാനുള്ള അവസരം<br>ഉചിതമായ പ്രോത്സാഹനം | എല്ലാ ആഴ്ചയിലും ഒരു തവണ | ഇന്റർനെറ്റ്, കമ്പ്യൂട്ടർ | |

| | | | | | |
|---|---|---|---|---|---|
| | | നൽകൽ | | | |
| | <u>ഉറുദ്ദു</u> | | | | |
| | വാകുക്കളും അക്ഷരങ്ങളും തിരിച്ചറിയാനുള്ള കഴിവ് നേടുക ചെറിയ വാക്കുകൾ<br>പദങ്ങൾ<br>സ്വയം നിർമ്മിക്കാനുള്ള കഴിവ് നേടുക<br><br>ഐ സി ടി സാധ്യത ഉപയോഗിക്കുന്നു<br><br>ഉറുദ്ദു അനായാസം വായിക്കാനുള്ള ശേഷി നേടൽ , സ്വന്തമായി ചെറുകഥകളും പത്രങ്ങളും വയിക്കാനുള്ള ശേഷി കൈവരിക്കൽ<br><br>രചനാപരമായ സർഗാത്മകത പുറത്തു കൊണ്ടുവരിക ചെറിയകഥകളും കവിതകളും സ്വന്തമായി എഴുതാനുള്ള ശേഷി കൈവരിക്കൽ<br><br>വിവിധ മത്സരങ്ങൾ സംഭാഷണം<br>തയ്യാറാക്കൽ ,<br>ഭാഷാപരമായ കഴിവ് വര്ധിപ്പിക്കൽ | പിന്നോക്ക കുട്ടികളെ കണ്ടെത്തി അക്ഷരങ്ങളുടെ ഫ്ലാഷ് കാർഡ് നിർമ്മാണം, ചാർട്ട്, ചിത്രം, ഉപയോഗിച്ച് വാക്കുകളും വാക്യങ്ങളും നിർമ്മിക്കുന്നു<br><br>● വായനമത്സരം<br>(ക്ലാസ് സ്കൂൾ സ്കൂൾ തലം)<br>● വായന മൂല ഒരുക്കൽ<br>● ഭാഷാ ലൈബ്രറി<br>● ചുമർ പത്രിക<br>● ഉറുദ്ദു പത്രം(ഐ സി ടി )<br>● ക്ലാസ് മാഗസിൻ നിർമ്മാണം രചനാമത്സരങ്ങൾ കഥ കവിത വിവിധ പതിപ്പുകൾ<br>● ക്വിസ്<br>● പദനിർമ്മാണം<br>● കഥ ,കവിതാരചന<br>● സംഭാഷണം ഉറുദ്ദുവിൽ തയ്യാറാക്കൽ<br>● ലഘുവായ പഠനതന്ത്രം പ്രോത്സാഹനം<br>● സംഭാഷണം കേൾക്കാനുള്ള അവസരം | 3 മാസം<br><br>6 മാസം<br><br>3 മാസം<br><br>എല്ലാ മാസം | ചാർട്ട്<br><br>കമ്പ്യൂട്ടർ<br><br>പുസ്തകങ്ങൾ<br>പത്രം<br>മാസിക<br><br>ഐ സി ടി | അധ്യാപിക<br>ബി ആർ സി |

| | | | | | |
|---|---|---|---|---|---|
| | സാങ്കേതികത | ● ഉറുദു ടൈപ്പിംഗ്<br>● ഗണങ്ങളുടെ ഈണം കേൾപ്പിക്കുന്നു | എല്ലാ മാസം | | |
| | **അറബിക്** | | | | |
| | അറബി ഭാഷ പഠിക്കാനും സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക | ● മികവിന്റെ വഴിയിൽ പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക<br>● അക്ഷരങ്ങൾ ഉറപ്പിക്കൽ<br>● വാചകങ്ങൾ നിർമ്മിക്കൽ<br>● ഭാഷാകളികൾ | 2 മാസം | പുസ്തകങ്ങൾ , വർക്ക് ഷീറ്റുകൾ, സി ഡി | അധ്യാപിക |
| | കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | ● വായനാവസന്തം<br>● ക്ലാസ് ലൈബ്രറി<br>● സ്കൂൾ ലൈബ്രറി<br>● വായനാക്കുറിപ്പുകൾ<br>● അറബിക് പത്രവായന | 6 മാസം | പത്രങ്ങൾ മാഗസിൻ പുസ്തകങ്ങൾ സ്കൂൾ ലൈബ്രറി | എസ് ആർ ജി<br><br>ബി ആർ സി |
| | വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വര്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക | ● എഴുത്തുത്സവം, എഴുത്തുകൂട്ടം<br>● പതിപ്പുകളുടെ നിർമ്മാണം<br>● വായനാക്കുറിപ്പ് ശേഖരണം<br>● ഇൻലന്റ് മാഗസിൻ<br>● ചുമർ ചിത്രങ്ങൾ<br>● പോസ്റ്ററുകൾ<br>● ഭാഷാകളികൾ | 12 മാസം | അസംബ്ലി ചാർട്ടുകൾ പത്രങ്ങൾ | അധ്യാപിക |
| | ഭാഷാപഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കുനമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | ● അനിമേഷൻ<br>● ടൈപ്പിംഗ്<br>● ഭാഷാപ്രദര്ശനം<br>● സോഷ്യൽ മീഡിയ ആക്ടിവിറ്റിസ് | എല്ലാ മാസവും | ഐ .സി. ടി, പുസ്തകൾ, സി ഡി | |

| | | | | | |
|---|---|---|---|---|---|
| | സർഗ്ഗ കഴിവുകൾ ഭാഷാപഠനത്തിലൂടെ വികസിപ്പിക്കുക<br><br>മത്സരങ്ങളുടെ ലോകം<br><br>ദിനാചാരണങ്ങൾ | • മുഴവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ത കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് അറബിക് മത്സരങ്ങൾ സംഘടിപ്പിക്കുക<br>• ഉദാ: ക്വിസ്<br>•<br>• പദനിർമ്മാണം<br>• കഥപറയൽ<br>• കവിതചൊല്ലൽ<br>• പദപ്രശ്നം<br>• കളറിംഗ്<br>• മെമ്മറി ടെസ്റ്റ്<br>• ഖുർആൻ പാരായണം<br>• സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു | എല്ലാ മാസവും<br><br>എല്ലാ മാസവും | സി ഡി, പുസ്തകം<br><br>ചാർട്ട് | അധ്യാപിക |
| | **ഹിന്ദി** | | | | |
| | ഹിന്ദി ജ്ഞാനം<br><br>ഹിന്ദി അവതരണ പാടവം<br><br>യാത്രയിലൂടെ സംഭാഷണാനുഭവം | • ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരങ്ങൾ<br>• ഹിന്ദി ഡോക്യുമെന്ററി , സിനിമ കാണാനുള്ള അവസരം<br>• ഹിന്ദി കവിതകൾ<br>• ഓഡിയോ കേൾക്കാനുള്ള<br>• അവസരം വാർത്താവതരണം<br>• ഹിന്ദി ക്വിസ്<br>• ഹിന്ദി മാതൃഭാഷയുള്ള | | സി ഡി | ഹിന്ദി അധ്യാപിക |

| | | | | | |
|---|---|---|---|---|---|
| | | പ്രദേശങ്ങളിൽ പഠനയാത്ര | | പുസ്തകം | |
| | രചനാപാടവം<br>നിർമ്മാണപാടവം | ● ഹിന്ദി ക്യാമ്പുകൾ കഥാ വായന കഥാ രചന | | | |
| | അഭിരുചി വർധിപ്പിക്കൽ | ● സ്ക്രിപ്റ്റ് റൈറ്റിങ്<br>● അഭിനയപരിശീലനം<br>● ഹിന്ദി നാടകം കാണാനുള്ള അവസരങ്ങൾ | | | ഹിന്ദി അധ്യാപിക |
| | അവതരണ മികവ് | ● വിവിധ വേദികളിൽ പരിപാടികൾ അവതരിപ്പിക്കൽ | | സി ഡി<br>പുസ്തകം | |
| | ഭാഷാജ്ഞാനം | ● വിവിധ മത്സരങ്ങൾ നടത്തൽ<br>● ഹിന്ദി വായനമൂല | | | |
| | വായനാശീലം<br>വർദ്ദിപ്പിക്കൽ | ● ഹിന്ദി പുസ്തകങ്ങൾ ഒരുക്കൽ കഥ കവിത ചിത്രകഥ<br>● നാടകം മുതലായവ | | | |

| | | | | | |
|---|---|---|---|---|---|
| | പൊതുപരീക്ഷയിൽ മികച്ച വിജയം കാഴ്ച്ച വെക്കൽ | <u>**സുഗമ ഹിന്ദി**</u><br>1 മുതൽ 5 യൂണിറ്റ് വരെയുള്ള പാഠഭാഗത്തെപ്രവർത്തനങ്ങൾ പരിശീലിപ്പിക്കൽ<br>മോഡൽ പരീക്ഷ<br><br><u>**സംസ്കൃതം**</u><br>മോഡൽ പരീക്ഷ<br>പാഠഭാഗത്തെ പ്രവർത്തനങ്ങൾ പരിശീലിപ്പിക്കൽ<br>പൊതുചോദ്യങ്ങൾ കണ്ടെത്തി പരിശീലിപ്പിക്കൽ<br><u>**എൽ എസ് എസ് യു എസ് എസ്**</u><br><br>പ്രത്യേക പരിശീലനം നൽകൽ<br>ചോദ്യപേപ്പർ പരിചയപ്പെടുത്തൽ<br>മോഡൽ പരീക്ഷ | ജൂണ് മുതൽ ഫെബ്രുവരി | ഐ സി ടി പുസ്തകം ചോദ്യപേപ്പ ർ<br><br>ഐ സി ടി പുസ്തകം ചോദ്യപേപ്പ ർ | അധ്യാപക ർ<br><br>അധ്യാപക ർ |
| | <u>**ആരോഗ്യം ശുചിത്വം**</u> | | | | |
| | ആരോഗ്യ പരമായ അന്തരീക്ഷം സൃഷ്ടിക്കൽ<br><br>സാംക്രമിക രോഗങ്ങളെ ചെറുക്കൽ | ● പരിസരം വൃത്തിയാക്കൽ<br>● വ്യത്തിശുചിത്വം<br>● കൈ കഴുകൽ<br>● ബോധവൽക്കരണം<br>● ശുചിത്വ ബോധവത്കരണ പരിപാടി | എല്ലാ ദിവസവും | ചൂല് ഡസ്റ്റിബിന് സോഷ് ഹാൻഡ് വാഷ് | അധ്യാപക ർ, കുട്ടികൾ, ഹെൽത്ത് ഇൻസ്പെ ക്ടർ, ഡോക്ടർ |